(സി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മതിയായ സംവരണം ലഭിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

ഉത്തരം

(എ) 1-1-2003-ലെ കണക്കനുസരിച്ച് കാർഷിക സർവ്വകലാശാലയിലെ അഗ്രികൾച്ചറൽ ഫാക്കൽറ്റിയിൽ അനുവദിച്ചിട്ടുള്ള തസ്തികകളുടെ എണ്ണം താഴെ കൊടുത്തിരിക്കുന്നു:

പ്രൊഫസർ	..	49
അസോസിയേറ്റ് പ്രൊഫസർ	..	162
അസിസ്റ്റന്റ് പ്രൊഫസർ	..	401
മറ്റുള്ളവർ	..	10

(ബി) അസോസിയേറ്റ് പ്രൊഫസർ

പട്ടിക ജാതി	..	8

അസിസ്റ്റന്റ് പ്രൊഫസർ

പട്ടികജാതി	..	13
പട്ടിക വർഗ്ഗം	..	1

(സി, ഡി) ഉണ്ട്. സർവ്വകലാശാലയിലെ അദ്ധ്യാപക തസ്തികകളിൽ പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ മതിയായ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

കുന്ദമംഗലം വൺമാൻ ട്രഷറി

59 [4761] ശ്രീ. യു.സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജക മണ്ഡലത്തിലെ കുന്ദമംഗലം വൺമാൻ ട്രഷറി ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽനിന്നും എന്തൊക്കെ സേവനമാണ് സാധാരണക്കാരന് ലഭിക്കുന്നത്;

(സി) ഇതിന്റെ പ്രവർത്തനം വിപുലപ്പെടുത്തി സബ്ട്രഷറിയായി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇത് എന്നത്തേക്ക് പ്രാവർത്തികമാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ എകാംഗ ട്രഷറി വഴി പെൻഷൻകാർക്ക് പെൻഷൻ വിതരണം നടത്തി വരുന്നു.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ചാലക്കുടി നഗരത്തിൽ സ്ഥാപിച്ച പനമ്പിള്ളി ഗോവിന്ദമേനോന്റെ പൂർണ്ണകായ പ്രതിമ

60 [4780] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നഗരത്തിൽ 'പനമ്പിള്ളി സ്മാരക ട്രസ്റ്റ്' പനമ്പിള്ളി ഗോവിന്ദമേനോന്റെ പൂർണ്ണകായ പ്രതിമ സ്ഥാപിച്ചിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സാമ്പത്തിക വിഷമം നേരിട്ട ട്രസ്റ്റ് സെക്രട്ടറി ശ്രീ. വാസുദേവനുണ്ണിയുടെ സാമ്പത്തിക സഹായത്തിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ സ്വന്തം കിടപ്പാടം വിറ്റ് നാലരലക്ഷത്തിലധികം രൂപ ഇക്കാര്യത്തിനുവേണ്ടി ചെലവിട്ട ട്രസ്റ്റ് സെക്രട്ടറിക്ക് സാമ്പത്തിക സഹായം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) ചാലക്കുടി നഗരത്തിൽ പനമ്പിള്ളി ഗോവിന്ദമേനോന്റെ പ്രതിമ സ്ഥാപിക്കുന്നതിനായി പനമ്പിള്ളി സ്മാരക ട്രസ്റ്റിന് 24-2-1994-ലെ ജി.ഒ. (ആർ.റ്റി.) 1418/94/ജി.എ.ഡി. പ്രകാരം 2 ലക്ഷം രൂപ രണ്ടു ഗഡുക്കളായി അനുവദിക്കുകയുണ്ടായി. ഈ തുകയിൽ ആദ്യത്തെ ഗഡുവായ ഒരു ലക്ഷം രൂപ 24-11-1994-ലെ ജി.ഒ.(ആർ.റ്റി.) 9311/94/ജി.എ.ഡി. പ്രകാരം അനുവദിച്ചു. രണ്ടാമത്തെ ഗഡുവായ ഒരു ലക്ഷം രൂപ 12-5-2000-ലെ ജി.ഒ. (ആർ.റ്റി.) 3794/2000/ജി.എ.ഡി. പ്രകാരം അനുവദിച്ചു. ഈ തുകയ്ക്കുള്ള ഡി.ഡി. സെക്രട്ടറി ശ്രീ. വാസുദേവനുണ്ണി കൈപ്പറ്റിയെങ്കിലും ട്രസ്റ്റ് ഭാരവാഹികൾ തമ്മിലുള്ള പ്രശ്നങ്ങൾ നിമിത്തം ഒരു ലക്ഷം രൂപ യഥാസമയം മാറ്റിയെടുക്കാതെ ലാപ്സാകുകയുണ്ടായി. സർക്കാർ അനുവദിച്ച തുകപോലും മാറിയെടുക്കാൻ കഴിയാത്തവിധം ആഭ്യന്തര കലഹം നിലനിൽക്കുന്ന ട്രസ്റ്റിന് ഇനിയും സാമ്പത്തിക സഹായം അനുവദിക്കുന്ന കാര്യം പരിഗണിക്കാൻ തല്ക്കാലം നിർവ്വാഹമില്ല. ട്രസ്റ്റിലെ മേൽപ്പറഞ്ഞ കാര്യങ്ങൾ ചൂണ്ടിക്കാട്ടി തനിക്ക് സാമ്പത്തിക സഹായം അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് ശ്രീ. വാസുദേവനുണ്ണി ഫയൽ ചെയ്ത 20538/02 നമ്പർ ഒ.പി. ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്.

കൃഷിവകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക

61 [4785] ശ്രീ. കെ. പി. രാജേന്ദ്രൻ:
" എൻ. രാജൻ:
" പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly